**14 -ാം കേരള നിയമസഭ**

**22 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1682** **19-01-2021 - ൽ മറുപടിയ്ക്ക്**

**പുതിയതായി ചുമതലയേറ്റിട്ടുള്ള തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| കെ . വി . വിജയദാസ് | | **Shri A. C. Moideen**<br>(തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി) | |
| (എ) | പുതിയതായി ചുമതലയേറ്റിട്ടുള്ള തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ കൂടുതൽ തൊഴിലവസരങ്ങൾ സൃഷ്ടിക്കണമെന്ന സർക്കാർ നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ എന്തെല്ലാം നടപടികളാണ് സ്വീകരിയ്ക്കുവാൻ ഉദ്ദേശിക്കുന്നത്; വിശദവിവരം നൽകുമോ? | (എ) | 2021-22 സാമ്പത്തിക വർഷത്തിൽ തദ്ദേശ സ്വയംഭരണ വകുപ്പ് വാർഷിക പദ്ധതി തയ്യാറാക്കുന്നതിനുള്ള മാർഗ്ഗ നിർദ്ദേശങ്ങളിൽ ബഹു. മുഖ്യമന്ത്രിയുടെ പന്ത്രണ്ടിന പരിപാടിയിൽ ഉൾപ്പെട്ട ലോക്കൽ എംപ്ലോയ്മെന്റ് അഷ്വറൻസ് പ്രോഗ്രാം (LEAP) - ന്റെ ഭാഗമായി കൂടുതൽ തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിനുള്ള മാർഗ്ഗ നിർദ്ദേശങ്ങളും കേന്ദ്ര/സംസ്ഥാന പദ്ധതികളുടെ സംയോജന സാധ്യതകൾ പ്രയോജനപ്പെടുത്തി കൂടുതൽ തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിനായി സ്വീകരിക്കേണ്ട നടപടികളെ സംബന്ധിച്ചും വിശദമായി നിർദ്ദേശം നൽകിയിട്ടുണ്ട്. പ്രസ്തുത ഉത്തരവിൽ പ്രകൃതി ദുരന്തങ്ങളിൽ ജീവനോപാധികൾ നഷ്ടപ്പെട്ടവരുടെ തൊഴിൽ ഉറപ്പാക്കുന്നതിനും വരുമാനം വർദ്ധിപ്പിക്കുന്നതിനുമുള്ള പ്രോജക്ടുകൾക്കും കൊവിഡ് മഹാമാരിയെ തുടർന്ന് തൊഴിൽ നഷ്ടം ഉണ്ടായവർക്ക് തൊഴിൽ ലഭ്യമാക്കുന്നതിനും പ്രത്യേക പരിഗണന നൽകണമെന്നും നിർദ്ദേശം നൽകിയിട്ടുണ്ട്. സർക്കാരിന്റെ രണ്ടാംഘട്ട നൂറ് ദിന പരിപാടിയുടെ ഭാഗമായി " അതിജീവനം കേരളീയം " എന്ന ക്യാമ്പയിനിൽ കുടുംബശ്രീ മുഖേന സ്വയംതൊഴിൽ ചെയ്യാൻ താൽപര്യമുള്ള അംഗങ്ങൾക്ക് നൈപുണ്യ പരിശീലനങ്ങളും മറ്റും നടത്തുന്നുണ്ട്. സുഭിക്ഷ കേരളം പദ്ധതി, എഞ്ചിനീയറിംഗ് കോളേജിലെ വിദ്യാർത്ഥികൾക്ക് അസാപ്പ് (ASAP) മുഖേന നൽകുന്ന തൊഴിലവസരങ്ങൾ എന്നിവയും തൊഴിൽ ലഭ്യതയെ പരിപോഷിപ്പിക്കുന്നതാണ്. മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി(കേരളം) യിൽ കോവിഡിന്റെ പശ്ചാത്തലത്തിൽ 13 കോടി തൊഴിൽ ദിനങ്ങൾ സൃഷ്ടിക്കുന്നതിന് ലക്ഷ്യം വച്ചു കൊണ്ടുള്ള പ്രവർത്തനങ്ങൾ തദ്ദേശസ്വയംഭരണ സ്ഥാപന തലത്തിൽ നടന്നു വരുന്നു. നഗരങ്ങളിൽ |

| | | | |
|---|---|---|---|
| | | | കായികാദ്ധ്വാനത്തിന് തയ്യാറുള്ള വ്യക്തികൾക്ക് തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിനും തൊഴിൽ ലഭ്യത ഉറപ്പാക്കുന്ന അയ്യങ്കാളി നഗര തൊഴിലുറപ്പ് പദ്ധതി നടപ്പിലാക്കി വരുന്നു. 2021-22 ൽ വിശേഷ വൈദഗ്ദ്ധ്യമുള്ള അഭ്യസ്ഥവിദ്യരെയും ഈ സ്കീമിൽ ഉൾപ്പെടുത്തുന്നതിനുള്ള പരിപാടികൾക്ക് രൂപം നൽകുമെന്ന് ബജറ്റിൽ പ്രഖ്യാപിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ